പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2295 **27-10-2026-ൽ മറുപടിയ്ക്ക്**

എ.ഐ. ഉൾപ്പെടെയുള്ള പുതിയ സാങ്കേതികവിദ്യകളുടെ ഉപയോഗം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. കെ. ബിനിമോൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) എ.ഐ., മെഷീൻ ലേണിംഗ്, സൈബർ സെക്യൂരിറ്റി, ക്ലൗഡ് കമ്പ്യൂട്ടിങ്, ഡാറ്റ സയൻസ് തുടങ്ങിയ പുതിയ സാങ്കേതിക മേഖലകളിൽ സർക്കാർ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

മറുപടി: ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ഇന്ത്യയിൽ ആദ്യമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനായി ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി. വകുപ്പിനെ വിവരസാങ്കേതികവിദ്യാ നിർമ്മിതബുദ്ധി ഭാവി സാങ്കേതികവിദ്യാ വകുപ്പായി പുനർനാമകരണം ചെയ്തിട്ടുണ്ട്.

നിർമ്മിതബുദ്ധി (AI), മെഷീൻ ലേണിംഗ്, സൈബർ സുരക്ഷ തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് താഴെ പറയുന്ന പ്രധാന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

- എ.ഐ സംരംഭങ്ങൾ : സർക്കാർ വകുപ്പുകളിൽ എ.ഐ. സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനായി കെ-എഐ (K-AI) പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, സർക്കാർ ജീവനക്കാർക്ക് പ്രായോഗിക പരിശീലനം നൽകുന്നതിനായി K-AI പ്രോഗ്രാമിന്റെ ഭാഗമായി വിദ്യ എ.ഐ (VidyAI) പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.
- സൈബർ സുരക്ഷാ സംവിധാനങ്ങൾ : സൈബർ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി SOC (Security Operations Center -SIEM, SOAR, UEBA, XDR), ഏകീകൃത വെബ് അപ്ലിക്കേഷൻ ഫയർവാളും (Unified WAF) സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്കിടയിൽ സൈബർ അവബോധം വളർത്തുന്നതിനായി 'സേഫ് ടെക്' (SafeTech Campaign) ക്യാമ്പെയ്നും നടപ്പിലാക്കിവരുന്നു.
- ക്ലൗഡ് കമ്പ്യൂട്ടിംഗ് അടിസ്ഥാന സൗകര്യം: ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയിൽ (DUK) ജി.പി.യു സർവ്വറും, ഇന്ത്യഎഐ മിഷന് കീഴിൽ ജി.പി.യു കമ്പ്യൂട്ട് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) എ.ഐ. ഉൾപ്പെടെയുള്ള പുതിയ സാങ്കേതികവിദ്യകളുടെ ഉപയോഗം മൂലം ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങളിൽ ഉണ്ടായ മാറ്റം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ഓട്ടോമേഷൻ, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഡാറ്റാ അനലിറ്റിക്സ് തുടങ്ങിയ പുതിയ സാങ്കേതികവിദ്യകളുടെ വളർച്ച ഐ.ടി. മേഖലയിലെ തൊഴിൽ സ്വഭാവത്തിലും ആവശ്യമായ നൈപുണ്യങ്ങളിലും മാറ്റങ്ങൾ സൃഷ്ടിച്ചുവരുന്നു. ആവർത്തന സ്വഭാവമുള്ള പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്യപ്പെടുന്നതോടൊപ്പം AI വികസനം, ഡാറ്റാ സയൻസ്, മെഷീൻ ലേണിംഗ്, സൈബർ സുരക്ഷ, AI മോഡൽ വിലയിരുത്തൽ, ഡാറ്റാ ഗവേണൻസ് തുടങ്ങിയ മേഖലകളിൽ പുതിയ നൈപുണ്യങ്ങൾക്കും തൊഴിലവസരങ്ങൾക്കും സാധ്യതയുണ്ട്.

K-AI പ്രോഗ്രാമിന്റെ ഭാഗമായ VidyAI പദ്ധതിയിലൂടെ സർക്കാർ രേഖകൾ തയ്യാറാക്കൽ, അവതരണങ്ങൾ, ഡാറ്റാ വിശകലനം, Prompt Engineering തുടങ്ങിയ മേഖലകളിൽ സർക്കാർ ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നു.

(സി) എ.ഐ. സാങ്കേതികവിദ്യകളുടെ ഉപയോഗം മൂലം തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; മാറുന്ന കാലത്തിനനുസരിച്ചുള്ള കൂടുതൽ ഐ.ടി. അധിഷ്ഠിത തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ പദ്ധതികൾ തയ്യാറാക്കുമോ; വിശദമാക്കാമോ?

മറുപടി: AI-യും ഓട്ടോമേഷൻ സാങ്കേതികവിദ്യകളും വ്യാപകമായി ഉപയോഗിക്കുന്നതിലൂടെ ചില ആവർത്തന സ്വഭാവമുള്ള ജോലികളുടെ ആവശ്യകത കുറയാനും നിലവിലുള്ള തൊഴിൽ മേഖലകളിൽ ജോലിയുടെ സ്വഭാവത്തിൽ മാറ്റം വരാനും സാധ്യതയുണ്ട്. എന്നാൽ AI വികസനം, സോഫ്റ്റ്വെയർ എൻജിനീയറിങ്, ഡാറ്റാ സയൻസ്, മെഷീൻ ലേണിംഗ്, സൈബർ സുരക്ഷ, ക്ലൗഡ് കമ്പ്യൂട്ടിംഗ്, AI മോഡൽ പരിശോധന, ഡാറ്റാ ഗവേണൻസ് തുടങ്ങിയ മേഖലകളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുണ്ട്.

തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ:

- AI അധിഷ്ഠിത നൈപുണ്യ വികസനം: VidyAI പദ്ധതിയിലൂടെ സർക്കാർ ജീവനക്കാർക്ക് AI ഉപകരണങ്ങളുടെ പ്രായോഗിക ഉപയോഗത്തിലും Prompt Engineering-ലും പരിശീലനം നൽകി ഉൽപാദനക്ഷമത വർദ്ധിപ്പിച്ചുവരുന്നു.
- AI സ്റ്റാർട്ടപ്പുകൾക്കും നവീകരണത്തിനും പ്രോത്സാഹനം: K-AI Portal മുഖേന സർക്കാർ വകുപ്പുകളുടെ ആവശ്യങ്ങൾക്കനുസൃതമായ AI പരിഹാരങ്ങൾ കണ്ടെത്താനും, സ്റ്റാർട്ടപ്പുകൾക്കും സാങ്കേതിക സ്ഥാപനങ്ങൾക്കും PoC (Proof of Concept) നടപടികളിലൂടെ അവസരങ്ങൾ നൽകാനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.
- ഉയർന്നുവരുന്ന സാങ്കേതികവിദ്യകളിൽ തൊഴിൽ നൈപുണ്യം വികസിപ്പിക്കൽ: IT Policy 2026 പ്രകാരം, അഞ്ച് വർഷത്തിനുള്ളിൽ 25 ലക്ഷം വിദ്യാർത്ഥികൾക്ക് ഉയർന്നുവരുന്ന സാങ്കേതികവിദ്യകളിൽ പരിശീലനം നൽകുകയും, ഐ.ടി. അനുബന്ധ മേഖലകളിൽ 5 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് സർക്കാരിന്റെ ലക്ഷ്യം.
- കേരള ജി.സി.സി. ബോയിലർ പ്ലേറ്റ് ഫ്രെയിംവർക്ക് (Kerala GCC Boilerplate Framework): ആഗോള ശേഷി കേന്ദ്രങ്ങളായ (Global Capability Centres GCCs) സ്ഥാപനങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും അവയുടെ പ്രവർത്തനം സുഗമമാക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചുവരുന്നു. സാങ്കേതികവിദ്യ, ധനകാര്യ സേവനങ്ങൾ, എൻജിനീയറിങ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ അനലിറ്റിക്സ് തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര കമ്പനികൾക്ക് പ്ലഗ്-ആൻഡ്-പ്ലേ അടിസ്ഥാനസൗകര്യങ്ങൾ, ആവശ്യാനുസൃത ഓഫീസ് സൗകര്യങ്ങൾ, അനുമതി നടപടികളിലെ ഏകോപനം, നൈപുണ്യമുള്ള തൊഴിൽശക്തിയുടെ

ലഭ്യത എന്നിവ ഉറപ്പാക്കുന്നതിനുള്ള പിന്തുണാ സംവിധാനങ്ങൾ ഇതിന്റെ ഭാഗമായി പ്രോത്സാഹിപ്പിക്കുന്നു.

കൂടാതെ, ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവയുടെ സഹകരണത്തോടെ ജി.സി.സി. നിക്ഷേപകരുമായി ഏകോപനം ശക്തിപ്പെടുത്തുന്നതിനും നിക്ഷേപ നിർദേശങ്ങളുടെ സമയബന്ധിതമായ തുടർനടപടികൾ ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. എ ഐ ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉയർന്ന നൈപുണ്യ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കേരളത്തെ ആഗോള ഐ.ടി. നിക്ഷേപങ്ങളുടെ പ്രധാന കേന്ദ്രമായി വികസിപ്പിക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ സഹായകമാകും.

അതോടൊപ്പം, ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള, ഐ.സി.ടി. അക്കാദമി ഓഫ് കേരള, കെ-ഡിസ്ക്, കേരള സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ വിദ്യാർത്ഥികൾക്കും തൊഴിൽരംഗത്തുള്ളവർക്കും നൂതന സാങ്കേതികവിദ്യകളിൽ പരിശീലനം നൽകുന്നതിനും നൈപുണ്യ വികസനവും പുനഃപരിശീലനവും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. എ.ഐ. അധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുന്നതിനും സാങ്കേതികവിദ്യാ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിൽ അടിസ്ഥാനസൗകര്യ വികസനത്തിനും പ്രാധാന്യം നൽകുന്നു.

സെക്ഷൻ ഓഫീസർ